**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങളുടെ എണ്ണവും പ്രസ്തുത പട്ടയങ്ങൾ എപ്പോൾ നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങൾ ഇല്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 7330 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ കേരള ഭൂമി പതിവ് ചട്ട പ്രകാരവും കേരള ഭൂപരിഷ്കരണ നിയമപ്രകാരവും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷകളുടെ വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | 7330 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ കേരള ഭൂമി പതിവ് ചട്ട പ്രകാരവും കേരള ഭൂപരിഷ്കരണ നിയമപ്രകാരവും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷകളുടെ വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ വിവിധ വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭിക്കേണ്ടതായ എത്ര അപേക്ഷകളുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശവും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ഡി) | 25 കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിക്കാനുണ്ട്. NOC ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എരുമേലി സൗത്ത് വില്ലേജ് -22<br><br>കോരുത്തോട് വില്ലേജ് - 3<br><br>ആകെ -25 |
| (ഇ) | പ്രസ്തുത പട്ടയ അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിനായി മണ്ഡലത്തിൽ സ്പെഷ്യൽ | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | പട്ടയം അനുവദിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | സമയബന്ധിതമായി പട്ടയം അനുവദിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വില്ലേജ് | എൽ എ | മിച്ച ഭൂമി | എൽ റ്റി |
|---|---|---|---|---|
| 1 | ഈരാറ്റുപേട്ട | 6 | 0 | 0 |
| 2 | തീക്കോയി | 7 | 0 | 0 |
| 3 | കൊണ്ടൂർ | 2 | 0 | 0 |
| 4 | പൂഞ്ഞാർ | 1 | 0 | 0 |
| 5 | പൂഞ്ഞാർ തെക്കേക്കര | 4 | 0 | 0 |
| 6 | പൂഞ്ഞാർ നടുഭാഗം | 15 | 10 | 0 |
| 7 | എരുമേലി സൗത്ത് | 1902 | 0 | 0 |
| 8 | എരുമേലി നോർത്ത് | 3966 | 0 | 0 |
| 9 | കോരുത്തോട് | 1398 | 0 | 0 |
| 10 | കൂട്ടിക്കൽ | 10 | 0 | 0 |
| 11 | മുണ്ടക്കയം | 9 | 0 | 0 |